**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **30-08-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ അലൈൻമെന്റിൽ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ലയിൽ മുൻപ് നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിൽ കുരുത്തിക്കുടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള 8 കി.മീ ഭാഗം വനം വകുപ്പിന്റെ കീഴിൽ ഉള്ളതും ഇടതൂർന്നതും സംരക്ഷിത വനമേഖലയിൽ വരുന്നതിനാലും മലയോര ഹൈവേയുടെ റോഡ് നിർമ്മാണത്തിനായി വനം വകുപ്പ് വിട്ടു നൽകിയില്ല. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ് അധികൃതരുടെയും, നാറ്റ്പാക്ക്, കിഫ്ബി - കെ.ആർ.എഫ്.ബി - പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ 2021 ഒക്ടോബർ 5-ന് ചേർന്ന മീറ്റിംഗിൽ അലൈൻമെന്റ് മാറ്റുവാൻ തീരുമാനം എടുത്തു. |
| (സി) | അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിന് ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനം എടുത്തിരുന്നോ; അറിയിക്കാമോ; | (സി) | ഇടുക്കി ജില്ലയിൽ കുരുത്തിക്കുടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള 8 കി.മീ ഭാഗം വനം വകുപ്പിന്റെ കീഴിൽ ഉള്ളതും ഇടതൂർന്നതും സംരക്ഷിത വനമേഖലയിൽ വരുന്നതിനാലും മലയോര ഹൈവേയുടെ റോഡ് നിർമ്മാണത്തിനായി വനം വകുപ്പ് വിട്ടു നൽകിയില്ല. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ് അധികൃതരുടെയും, നാറ്റ്പാക്ക്, കിഫ്ബി - കെ.ആർ.എഫ്.ബി - പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ 2021 ഒക്ടോബർ 5-ന് ചേർന്ന മീറ്റിംഗിൽ അലൈൻമെന്റ് മാറ്റുവാൻ തീരുമാനം എടുത്തു. |
| (ഡി) | ആറാം മൈൽ-എളംബ്ലാശ്ശേരി-കുറത്തിക്കുടി- | (ഡി) | തീരുമാനം എടുത്തിട്ടുണ്ട്. 06.07.2009-ലെ സ.ഉ |

| | | | |
|---|---|---|---|
| | പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ എന്ന അലൈൻമെന്റിൽ മലയോര ഹൈവേയുടെ ഭാഗമായി റോഡ് നിർമ്മാണം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | | (കൈ)നം.44/2009/പൊ.മ.വ പ്രകാരം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മലയോര പാതയുടെ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ വരെയുള്ള അലൈൻമെന്റ് സംരക്ഷണ വനഭൂമിയിലൂടെ ഉള്ളതും ഇടതൂർന്ന വനപ്രദേശമായതിനാലും വനം വകുപ്പ് മലയോര ഹൈവേ റോഡ് നിർമാണത്തിന് എതിർപ്പ് അറിയിക്കുകയും 2021 ഒക്ടോബർ 5-ന് ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, നാറ്റ്പാക്ക്, കിഫ്ബി - കെ.ആർ.എഫ്.ബി - ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന മീറ്റിംഗിൽ നേര്യമംഗലത്തിന് ശേഷം 6-ാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള എൻ.എച്ച്-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈന്മെന്റ് മാറ്റുവാൻ തീരുമാനം എടുത്തു. |

സെക്ഷൻ ഓഫീസർ